**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 621**

**29.05.2019 - ൽ മറുപടിക്ക്.**

## കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വികസനം

<u>ചോദ്യം</u>
ശ്രീ. ആർ. രാമചന്ദ്രൻ

<u>മറുപടി</u>
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വികസനത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ അധീനതയിൽ പ്രവർത്തിക്കുന്ന കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വികസനത്തിനുവേണ്ടി ഇപ്പോൾ പദ്ധതികൾ ഒന്നും നിലവിലില്ല. |
| (ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ലാഭകരമല്ലാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ ; | (ബി) സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി/ഷെഡ്ഡ് അനുവദിക്കുന്നത് സ്വകാര്യ വ്യവസായ സംരംഭകർക്കാണ്. അത്തരം യൂണിറ്റുകളുടെ ലാഭനഷ്ട കണക്കുകളുടെ വിശദാംശം ലഭ്യമല്ല. |
| (സി) 2016-നു ശേഷം ഇവിടെ എതെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (സി) പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തനം നിർത്തിയ 3 സംരംഭകർ സ്ഥാപനങ്ങൾ കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. ആയതിൽ മെ. ലക്ഷ്മി ഇൻഡസ്ട്രീസ് എന്ന വ്യവസായ യൂണിറ്റിന് അനുവദിച്ച 10 സെന്റ് ഭൂമിയും അനുബന്ധ കെട്ടിടവും സാമ്പത്തിക ബുദ്ധിമുട്ടു കാരണം മറ്റൊരു വ്യവസായ യൂണിറ്റായ മെ. ആദി ഗോൾഡ് എന്ന യൂണിറ്റ് ആരംഭിക്കുന്നതിനായി 25/05/2017-ൽ കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. മെ. സുബീന എന്റർപ്രൈസസ് എന്ന വ്യവസായ യൂണിറ്റിന് അനുവദിച്ച 5.1 സെന്റ് ഭൂമിയും അനുബന്ധ കെട്ടിടവും സാമ്പത്തിക ബുദ്ധിമുട്ടു കാരണം മറ്റൊരു വ്യവസായ യൂണിറ്റായ മെ. സോനാർ ചെയിൻസ് എന്ന യൂണിറ്റ് ആരംഭിക്കുന്നതിനായി 29/05/18-ൽ കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. 15/05/19-ൽ മെ. ശിവ ഫുഡ്സ് എന്ന സ്ഥാപനത്തിന് അനുവദിച്ച 5 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം മെ എമർജിങ് എഞ്ചിനിയിറിങ് കമ്പനി എന്ന സ്ഥാപനത്തിന് കൈമാറി നൽകിയിട്ടുണ്ട്. |
| (ഡി) പ്രവർത്തിക്കാത്ത യൂണിറ്റുകളുടെ അധീനതയിലുള്ള സ്ഥലം പുതിയ സംരംഭകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ? | (ഡി) സംസ്ഥാനത്ത് പ്രവർത്തന രഹിതമായ വ്യവസായ യൂണിറ്റുകളുടെ ഷെഡ്ഡ്/ഭൂമി തിരിച്ചെടുത്ത് പുതിയ വ്യവസായ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

കെ/25/05/19